# KERALA STATE COMMISSION FOR MINORITIES

Aanjaneya, TC-9/1023-2, Sasthamangalam, Thiruvananthapuram-695010
Phone: 0471-2315122, 2318122, 2319122(Fax) email: kscminorities@gmail.com

## പ്രസിദ്ധീകരണത്തിന്

### പത്രക്കുറിപ്പ്

**ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ കമ്മീഷൻ സർക്കാറിനു റിപ്പോർട്ട് സമർപ്പിച്ചു.**

**തിരുവനന്തപുരം:** ഈ വർഷത്തെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കേരളത്തിലെ ന്യൂനപക്ഷ പദവിയുള്ള എം.ഇ.എസ്, കെ.എം.സി.റ്റി, കണ്ണൂർ മെഡിക്കൽ കോളജ്, കരുണ, അസീസിയ, ട്രാവൻകൂർ മെഡിസിറ്റി, എന്നീ സ്വാശ്രയ മെഡിക്കൽ കോളജുകൾ മാനദണ്ഡങ്ങൾ പാലിച്ചില്ലെന്ന് ആരോപിച്ച് ന്യൂനപക്ഷ കമ്മീഷനു ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ വിശദമായ റിപ്പോർട്ട് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയ്ക്ക് സമർപ്പിച്ചു. ചെയർമാൻ അഡ്വ.എം. വീരാൻകുട്ടി, മെമ്പർമാരായ അഡ്വ.വി.വി.ജോഷി, അഡ്വ. കെ.പി.മറിയുമ്മ എന്നിവർ മുഖ്യമന്ത്രിയെ സന്ദർശിച്ചാണ് റിപ്പോർട്ട് കൈമാറിയത്. മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കമ്മീഷൻ അംഗങ്ങൾ അഡ്മിഷൻ സൂപ്പർവൈസറി & ഫീ റഗുലേറ്ററി ചെയർമാൻ ജസ്റ്റിസ് ജെയിംസുമായി ചർച്ച നടത്തി.

മുഖ്യമന്ത്രിയ്ക്ക് നൽകിയ റിപ്പോർട്ടിന്റെ പൂർണ്ണ രൂപം ഉള്ളടക്കം ചെയ്യുന്നു

അഡ്വ.എം. വീരാൻകുട്ടി
ചെയർമാൻ

തിരുവനന്തപുരം
23.09.2015

# കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

ആഞ്ജനേയ, ടി. സി 9/1023 (2) ശാസ്തമംഗലം, തിരുവനന്തപുരം

ഫോൺ: 0471- 2315122, 2319122(Fax) email: kscminorities@gmail.com


---

തിയ്യതി: 22/09/2015.

**വിഷയം: ഈ വർഷത്തെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ കമ്മീഷൻ സർക്കാറിനു സമർപ്പിക്കുന്ന റിപ്പോർട്ട്**

ഈ വർഷത്തെ എം.ബി.ബി.എസ് പ്രവേശനവുമായി ബന്ധപ്പെട്ട് കേരളത്തിലെ ന്യൂനപക്ഷ പദവിയുള്ള എം.ഇ.എസ്, കെ.എം.സി.റ്റി, കരുണ, അസീസിയ, ട്രാവൻകൂർ മെഡിസിറ്റി, കണ്ണൂർ മെഡിക്കൽ കോളജ് എന്നീ സ്വാശ്രയ മെഡിക്കൽ കോളേജുകൾ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവേശനം നടത്തിയെന്നാരോപിച്ച് ന്യൂനപക്ഷ കമ്മീഷനു ലഭിച്ച പരാതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു

മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ മുസ്‌ലിം വിഭാഗത്തിൽ നിന്നും ഉന്നത റാങ്ക് നേടിയ വിദ്യാർത്ഥികളുടെ പരാതികളിൽ, കഴിഞ്ഞ വർഷം 2862 റാങ്ക് വരെ ഗവൺമെന്റിൽ മെറിറ്റിൽ പ്രവേശനം ലഭിച്ചിരുന്നതായി പറയുന്നു

കമ്മീഷൻ പരാതികൾ പരിശോധിച്ചതിൽ കഴിഞ്ഞ പ്രാവശ്യം മെഡിക്കൽ എൻട്രൻസ് റാങ്ക് ലിസ്റ്റിൽനിന്ന് മെരിറ്റിൽ സീറ്റ് കിട്ടിയ അത്രയും പേർക്കെങ്കിലും ഇപ്രാവശ്യവും സീറ്റ് നൽകാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല എന്നും ആയത് ഗവൺമെന്റുമായി കരാർവെക്കാത്തതു കാരണം മാനേജ്മെന്റുകൾ സ്വന്ത ഇഷ്ടപ്രകാരം അഡ്മിഷൻ നടത്തിയതാണെന്നും കമ്മീഷൻ പ്രഥമ ദൃഷ്ട്യാ മനസിലാക്കുന്നു. 30.09.2015 വരെയാണ് മെഡിക്കൽ എൻട്രൻസിന്റെ അഡ്മിഷൻ സമയം നിശ്ചയിച്ചിരിക്കുന്നത്. അതിനു മുമ്പ് അടിയന്തിരമായി ഇടപെടൽ ഉണ്ടാവണമെന്നും താഴെ പറയുന്ന വിഷയങ്ങളിൽ തീരുമാനമുണ്ടാവണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

2006- ലെ 19ാം ആക്റ്റ് പ്രകാരം നിലവിൽ വന്ന അഡ്മിഷൻ സൂപ്പർവൈസറി & ഫീ റഗുലേറ്ററി കമ്മിറ്റി മുഴുവൻ പരാതികളും അടിയന്തിരമായി പരിശോധിച്ച് പ്രവേശന കാലാവധി തീരുന്നതിനുമുമ്പ് തന്നെ പരിഹരിക്കാൻ

സർക്കാർ നിർദ്ദേശം നൽകണം. മെറിറ്റും, വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കണം. വ്യവസ്ഥകളും, നിയമങ്ങളും നിർദ്ദേശങ്ങളും കാറ്റിൽ പറത്തി സ്വന്തം ഇഷ്ട പ്രകാരം പ്രവേശനം നൽകി മാനേജുമെന്റുകൾ സർക്കാറിനെ വെല്ലുവിളിച്ച് കൊണ്ട് മുന്നോട്ട് പോകുകയാണെങ്കിൽ, അത്തരം കോളേജുകളുടെ അംഗീകാരം നിർത്തലാക്കുന്നത് അടക്കമുള്ള നിയമപരമായ നടപടികൾ എടുക്കുന്നതിന് പുറമെ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ സൗകര്യങ്ങളും നിർത്തലാക്കണം. ഗവൺമെന്റ് നൽകിവരുന്ന എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് റദ്ദാക്കണം. മെഡിക്കൽ വിദ്യാർത്ഥികൾക്ക് അവരുടെ പഠനാർത്ഥം നൽകുന്ന മൃതശരീരങ്ങൾ വിട്ടുകൊടുക്കരുത്. ഗവൺമെന്റ് കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിലും മറ്റും സ്ഥാപനങ്ങളിലും മേൽകോളേജുകളിലെ മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സൗകര്യങ്ങൾ ഉടനെ നിർത്തലാക്കണം. സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളെ വിദ്യാഭ്യാസ കച്ചവട കേന്ദ്രങ്ങളാക്കി മാറ്റുന്നതിനെതിരെ ഗവൺമെന്റ് നിതാന്ത ജാഗ്രത പുലർത്തണം. മെറിറ്റ് സീറ്റുകളിലെ ഫീസ് നീതിയുക്തമാക്കി പുനക്രമീകരിക്കണം. എല്ലാ സ്വാശ്രയ കോളേജുകളുടെയും മാനേജുമെന്റുകളുമായി ചർച്ച നടത്തി ഫീസ് ഘടന എകീകരിക്കുന്നതിനും വരും വർഷങ്ങളിലെ പ്രവേശനം സുതാര്യമായി നടത്തുന്നതിനും വേണ്ട ഉചിതമായ നടപടികൾ മുൻകൂട്ടി തന്നെ സീകരിക്കേണ്ടതാണ്.

നിലവിലുള്ള സവിശേഷ സാഹചര്യത്തിൽ മെഡിക്കൽ പ്രവേശന നടപടികൾ രണ്ടാഴ്ച്ച കൂടി ദീർഘിപ്പിക്കാൻ സർക്കാർ അടിയന്തിര നടപടിയെടുക്കണം.

കമ്മീഷനു ലഭിച്ചിട്ടുള്ള മുഖ്യപരാതികളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു

അഡ്വ. എം. വീരാൻകുട്ടി
**(ചെയർമാൻ)**

അഡ്വ. വി.വി ജോഷി
**(മെമ്പർ)**

അഡ്വ. കെ.പി മറിയുമ്മ
**(മെമ്പർ)**